# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## മങ്കട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം-(9)/1552/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/09/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മങ്കട ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മങ്കട ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മങ്കട ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം-(9)/1552/2024

തീയ്യതി: 05/09/2024

## മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 30-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ചിത്രലേഖ | ഡെപ്യൂട്ടി ഡയറക്ടർ | 08-07-2024 | 18-07-2024 |

| | | | |
|---|---|---|---|
| കെകെ ,കെഎഎസ് | | | |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| **തീയതി (മുതൽ)** | **തീയതി (വരെ)** |
|---|---|
| 08-07-2024 | 18-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ നസ്സീർ .ടി.കെ ,ഓഡിറ്റ് ഓഫീസർ
ശ്രീ സന്തോഷ് .പി.ടി ,അസി.ഓഡിറ്റ് ഓഡിറ്റർ
ശ്രീ ഷജീർ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഹുസ്ന വി.സി ,ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. കെ. അസ്ഗർ അലി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. വിവേകാനന്ദൻ ആലംപറ്റ | സെക്രട്ടറി | 01-04-2023 | 04-07-2023 |
| ശ്രീ. ജോസഫ്. കെ. വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-07-2023 | 10-07-2023 |
| ശ്രീമതി താഹിറ എൻ കെ | സെക്രട്ടറി | 11-07-2023 | 31-03-2024 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോസഫ്. കെ. വി | അസി.സെക്രട്ടറി | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി. നവ്യ. എ. പി. | അസി എഞ്ചിനീയർ | 01-04-2023 | 12-07-2023 |
| ശ്രീ ജിതീഷ് എസ് | അസി എഞ്ചിനീയർ | 13-07-2023 | 18-07-2023 |
| ശ്രീ അബ്ദുൽ ജലീൽ തയ്യിൽ | അസി എഞ്ചിനീയർ | 19-07-2023 | 31-03-2024 |
| ശ്രീ.സമീർ അലി. എം. | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. അഞ്ജലി | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി. ഷീജ. എം. | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ മുഹമ്മദ് ഫൈസൽ പി വി | മെഡിക്കൽ ഓഫീസർ ആരോഗ്യം | 01-04-2023 | 19-06-2023 |
| ഡോ അബ്ദുള്ള മണിമ | മെഡിക്കൽ ഓഫീസർ ആരോഗ്യം | 20-06-2023 | 09-07-2023 |
| ഡോ ജോസ് ആൽഡ്രിൻ പാട്രിക് | മെഡിക്കൽ ഓഫീസർ ആരോഗ്യം | 10-07-2023 | 05-01-2024 |
| ഡോ സോഫിയ പി എ | മെഡിക്കൽ ഓഫീസർ ആരോഗ്യം | 06-01-2024 | 31-03-2024 |
| ഡോ മീര പി വേണു | മെഡിക്കൽ ഓഫീസർ ആയുർവേദ | 01-04-2023 | 13-08-2023 |
| ഡോ സംസാദ് പി | മെഡിക്കൽ ഓഫീസർ ആയുർവേദ | 14-08-2023 | 28-12-2023 |
| ഡോ മുഹമ്മദ് ഷാനവാസ് തയ്യിൽ | മെഡിക്കൽ ഓഫീസർ ആയുർവേദ | 29-12-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി സുഹറ | വി ഇ ഒ | 01-04-2023 | 31-03-2024 |
| ശ്രീ ശ്രാവൺ രാജ് കെ പി | വി ഇ ഒ | 01-04-2023 | 26-07-2023 |
| ശ്രീ സന്തോഷ് | വി ഇ ഒ | 27-07-2023 | 31-03-2024 |
| ഡോ മുഹമ്മദ് മുസ്തഫ എം | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി റുമീന കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ACR ചെലവു തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | വായ്പ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | വാർഷിക കണക്കിൽ തുക തെറ്റായ ഹെഡിൽ ഉൾപ്പെടുത്തി | 1-1-5 |
| 7 | യഥാസമയം ഡിമാന്റ് എൻട്രികൾ വരുത്തുന്നില്ല. | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-7 |
| 9 | അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപെൻഷൻ പദ്ധതിൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | ഹരിത കർമ്മ സേന -അവലോകനം | 1-11 |

| | | |
|---|---|---|
| 20 | കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം | 1-12 |
| 21 | തൊഴിൽ നികുതി -അപാകതകൾ | 1-13 |
| 22 | 100 ച.മീ താഴെയുള്ള താമസ കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-14 |
| 23 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ അവശേഷിക്കുന്നു. | 1-15 |
| 24 | സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ -തുടർനടപടി വിവരം അറിയിക്കേണ്ടതാണ്. | 1-16 |
| 25 | വസ്തു നികുതി നിർണ്ണയം- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടാതണ് | 1-17 |
| 26 | CHC : മരുന്ന് ലഭ്യമായിട്ടില്ല. | 1-18 |
| 27 | മഴക്കാല പൂർവ്വ ശുചീകരണം- തുക ചെലവഴിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-19 |
| 28 | ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു | 1-20 |
| 29 | കോക്ലിയാർ ഇംപ്ലാന്റേഷന് ശേഷമുള്ള തുക നൽകൽ"-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-21 |
| 30 | സ്പോർട്സ് കിറ്റ് വിതരണം- ക്ലബ്ബുകളുടെ 23-24 ലെ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയില്ല. | 1-22 |
| 31 | ലൈഫ് മിഷൻ ഭവന നിർമ്മാണം- പൂർത്തീകരണ പുരോഗതി വിവരം അറിയിക്കേണ്ടതാണ്. | 1-23 |
| 32 | പബ്ലിക്ക് ടോയ്ലെറ്റ് ടേക്ക് ഏ ബ്രേക്ക് റെസ്റ്റ് ഹൗസ് - അപാകതകൾ പരിഹരിക്കേണ്ടതാണ്. | 1-24 |
| 33 | ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾ- അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി. അധിക തുക 18915/- രൂപതിരിച്ചടവാക്കി | 1-25 |
| 34 | കോൺട്രാക്ടേഴ്സ് റീടെൻഷൻ തുക പഞ്ചായത്തിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. | 1-26 |

| | | |
|---|---|---|
| 35 | R – ട്രാക്ക് സർവ്വേ-പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്. | 1-27 |
| 36 | മരാമത്ത് പ്രവൃത്തികൾ - പൊതു അവലോകനം | 1-28 |
| 37 | ലൈബ്രറി സെസ്സ് അടവാക്കൽ -സർക്കാർ നിർദേശം പാലിക്കണം | 1-29 |
| 38 | ബഡ്സ് &റീഹാബിലിറ്റേഷൻ സെന്റർ നടത്തിപ്പ് -അപാകതകൾ | 1-30 |
| 39 | എസ് .സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-സർക്കാർ മാർഗ്ഗ നിർദേശം പാലിക്കേണ്ടതാണ്. | 1-31 |
| 40 | തെരുവ് വിളക്ക് റിപ്പയർ -അപാകതകൾ | 1-32 |
| 41 | എസ്.എസ്.എ വിഹിതം നൽകൽ -അപാകതകൾ | 1-33 |
| 42 | പത്രപ്പരസ്യം -ഡിസ്ക്കൗണ്ട് ലഭ്യമാക്കിയിട്ടില്ല | 1-34 |
| 43 | ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -തുടർ നടപടി വിവരംലഭ്യമാക്കണം | 1-35 |
| 44 | ദുരിതാശ്വാസ നിധി -പ്രവർത്തന ക്ഷമമാക്കണം | 1-36 |
| 45 | തെരുവ് വിളക്ക് -സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -സർക്കാർ ഉത്തരവ് പാലിക്കണം | 1-37 |
| 46 | കുടിവെള്ള പൊതു ടാപ്പ് -സർക്കാർ നിർദ്ദേശം പാലിക്കണം | 1-38 |
| 47 | കുടിവെള്ള പദ്ധതിക്ക് മോട്ടോർ മാറ്റിവെക്കൽ -അപാകതകൾ | 1-39 |
| 48 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-40 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക് സംക്ഷിപ്തം | |

# ഭാഗം –1

# പൊതു അവലോകനം

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള ചട്ടം 62-2(എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരത എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. മങ്കട ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്ത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അ ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 07.06.2024 തീയതിയിലെ 2 നം. തീരുമാ അംഗീകരിച്ച് 10.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേര ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥക കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാ ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആ വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും ത സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മങ്കട ഗ്രാമപഞ്ചായത്തിന്റെ (2023-24) വ വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇട 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

ഡെപ്യൂ

സ്ഥലം : മലപ്പുറം

തീയതി: 05-09-2024

## 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (1544146/-) ക്യാഷ് ഫ്ലോ ... മുന്നിരിപ്പും നീക്കിയിരിപ്പും (6009024/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ACR ചെലവു തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ചുവടെ ചേർക്കുന്ന ചെലവ് തുകകൾ വാർഷിക കണക്ക്, ACR എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഗ്രാന്റ് ഇനം | ACR പ്രകാരം | AFS പ്രകാരം (I6+B3) |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 16895969+2529650 (Source Deduction) =19425619 | 17436225 |
| വികസനഫണ്ട് (എസ്.സി.പി) | 6564538 | 6867499 |
| ടൈഡ് | 4141069 | 3751915 |

## 1-1-4 വായ്പ തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ലോൺ ഇനത്തിലെ തുകകൾ രജിസ്റ്റർ വാർഷിക കണക്ക് എന്നിവയിൽ ചുവടെചേർ വ്യത്യാസപ്പെട്ടിരിക്കുന്നു.

| **ഇനം** | **തുക (₹)** | |
|---|---|---|
| | **രജിസ്റ്റർ പ്രകാരം** | **വാർഷിക കണക്ക് പ്രകാരം** |
| മുൻബാക്കി | 3767798 | 4176798 |
| തൻവർഷം വന്ന തുക | 12615100 | 12615100 |
| ആകെ | 16382898 | 16791898 |

| | | |
|---|---|---|
| തിരിച്ചടവ് (സോഴ്സ് ഡിഡക്ഷൻ) | 12900000<br>419817<br>Total -13319817 | (Go Project) 1259450 |
| ബാലൻസ് | 3063081 | 16372081 |

2022-23 വർഷത്തെ ജി ഒ പ്രൊജക്റ്റ് പ്രകാരം 2 തവണകളിലായി ചിലവ് വന്ന പദ്ധതിയിൽ സുല ചിലവ് മാത്രമാണ് കാണിച്ചത് . ആയതിനാലാണ് ഓപ്പണിംഗ് ബാലൻസ് തുകയിൽ വ്യത്യാ കാരണം (രജിസ്റ്റർ പ്രകാരം ചേർത്ത തുകയാണ് യഥാർത്ഥ മുന്നിരിപ്പ്). എന്നാൽ 2023-24 വർഷ തിരിച്ചടവ് തുകയിൽ 25.03.24 വരെ കിഴിവ് വന്ന ചിലവ് കാണിച്ചെങ്കിലും അതിന് ശേഷം സുലേ ചെലവ് കാണിച്ചിട്ടില്ല

## 1-1-5 വാർഷിക കണക്കിൽ തുക തെറ്റായ ഹെഡിൽ ഉൾപ്പെടുത്തി

ബാലൻസ് ഷീറ്റ് B-12 പ്രകാരം Other Investments എന്ന ഇനത്തിൽ (Headcode 420800199) 8,845 അവശേഷിക്കുന്നുണ്ട്. എന്നാൽ ഇത് സാംഖ്യയിലെ B-11 പ്രകാരമുള്ള Other Construction എന്ന ഇനര (Headcode 410300399) സാംഖ്യയിൽ നിന്ന് ILGMS ലേക്ക് മാറിയപ്പോൾ ഹെഡ് തെറ്റായി ചേർത്ത അപാകത ഐ കെ എം ന്റെ ശ്രദ്ധയിപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-1-6 യഥാസമയം ഡിമാന്റ് എൻട്രികൾ വരുത്തുന്നില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമ നടത്താതെ 31.03.2024 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

## 1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തിക കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

## 1-1-8 അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന് ദുരിതാശ്വാസനിധിക്കായി കടന്നമണ്ണ സർവ്വീസ് ബാങ്കിൽ (അക്കൗണ്ട് നമ്പർ-002( അക്കൗണ്ട് ഉണ്ടെങ്കിലും ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

| 2023-24ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2023-4ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/17.03.2023 | 4/09.02.2024 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 2,85,67,640 |
| വരവ് | 195898535 |
| ആകെ | 22,44,66,175 |
| ചെലവ് | 189889511 |
| നീക്കിയിരിപ്പ് | 34,576,664 |

(കുറിപ്പ്- വരവ് RP+ ACR ചെലവ് +B Fund +EFMS എന്നിവ ചേർന്നതാണ്.)

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 16899615 | 16899615 | 16895969 | 3646 |
| പ്ലാൻ (SCP) | 0 | 7095735 | 7095735 | 6564538 | 531197 |
| പ്ലാൻ (TSP) | 0 | 0 | 0 | 0 | 0 |
| CFC (Tied) | 0 | 2331500 | 2331500 | 4141069 | -1809569 |
| CFC (UnTIED) | 0 | 3109000 | 3109000 | 3143753 | -34753 |
| റോഡ് (MG) | 0 | 14756000 | 14756000 | 13030702 | 1725298 |
| റോഡിതരം(MG) | 0 | 4140000 | 4140000 | 4137839 | 2161 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തി പ്രോജക്ട ശതമ |
|---|---|---|---|---|---|---|
| 338 | 184912370 | 238 | 98359996 | 60 | 40 | 70.4 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,63,157 | 832726 | 995883 | 993406 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,99,99,764 | 1,99,99,764 | 1,99,99,764 | |

കുറിപ്പ്- RP 30 പ്രകാരം 953033/- രൂപയാണ് തൻവർഷത്തെ ഭരണചെലവുകളിലെ വരവ് ആ
കണക്കിൽ ചേർത്തിട്ടുള്ളത്. ആയതിൽ തൊഴുത്തുനിർമ്മാണത്തിന് അനുവദിച്ച 120307 രൂപ
മാറിയതിനാൽ തിരികെ രശീതി ചെയ്ത് ശരിയായ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളതിനാൽ 832726/
യഥാർത്ഥ വരവ് . ( കാഷ് ബുക്ക് പ്രകാരമുള്ള തുക).

## 1-7 ക്ഷേമപെൻഷൻ പദ്ധതിൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 22,92,600 | 198 |
| വിധവാപെൻഷൻ | 1,50,52,200 | 1356 |
| വാർദ്ധക്യകാലപെൻഷൻ | 2,10,37,400 | 2059 |
| വികലാംഗപെൻഷൻ | 63,37,900 | 571 |
| വിവാഹ ധനസഹായം | 1,20,000 | 4 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 12,01,000 | 107 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്
08.07.2024 ന് 11.150 AM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാ
നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പൊന്നും ഇല്ലായെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) പൊതു കുടിവെള്ള ടാപ്പുകൾ വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നട
പുനക്രമീകരിക്കണം

2)ടേക്ക് എ ബ്രേക്ക് സംവിധാനം പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുത്താൻ ജലലഭ്യത ഉറപ്പ് വരുത

3) ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെ എണ്ണം ഇനം തിരിച്ച് വാർഡ് അടി
വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും സർക്കാർ ഉത്തരവ് പ്രകാരം മീറ്ററിങ്
നടപ്പിലാക്കണം

4)എം.സി.എഫിന് സ്ഥിരം സംവിധാനം ഉറപ്പ് വരുത്തണം

5) അസിസ്റ്റന്റ് സെക്രട്ടറി, ഡയറി ഫാം ഇൻസ്റ്റക്ടർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജ
സൂക്ഷിച്ചിട്ടില്ല.

6) വിവിധ പ്രൊജക്റ്റുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നില്ല.

7) പഞ്ചായത്ത് ഓഫീസിന്റെ വിവിധ ഭാഗങ്ങളിൽ കുന്നുകൂടിക്കിടക്കുന്ന ഉപയോഗശൂന്യമായ ഫർ
ലൈറ്റ് ഉപകരണങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ ലേലം ചെയ്യാനുള്ള നടപടികൾ സ്വീ

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.11.22-08.11.22 | 01.04.2022 മുതൽ 31.10.2022 വരെ | 08.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.01.2017-23.01.2017 | 2011-12 മുതൽ 2015-16 വരെ | 06.03.2017 |

## 1-11 ഹരിത കർമ്മ സേന -അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉ കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ " എന്ന വിഷയം സംബന്ധി പരിശോധന പ്രകാരം മങ്കട ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ് ബന്ധപ്പെട്ട് പരിശോധിച്ച് തയ്യാറാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത രീതിയിൽ കാണുന്നതിന് രൂപീകരിച്ച നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മുഖ്യ വിഷയമായി ഏറ്റെടുത്തു പ്രവർത്തിക്കുന്ന കുടുംബ ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ നിർമ സഹായകമാവുന്ന തൊഴിലുറപ്പ് മിഷൻ, കേരള സംസ്ഥാന പൊലൂഷൻ കൺട്രോൾ ബോർഡ്, സംയോജിത സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ‍ തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

**ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്.**

1)അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1)പഞ്ചായത്തിലെ ആകെ ജനസംഖ്യ | 34872 |
| 2)ആകെ വാർഡുകളുടെ എണ്ണം | 18 |
| 3)ഓരോ വാർഡിലെയും ആൾ താമസമുള്ള വീടുകളുടെ എണ്ണം | 7667 |
| 4) ഓരോ വാർഡിലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 547 |
| 5)വാർഡിലെ ഹരിത കർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം | 18 |

2)മാലിന്യ ശേഖരണ കാര്യക്ഷമത

പഞ്ചായത്ത് 100% കവറേജ് അവകാശപ്പെടുന്നുണ്ട് 2 മാസം കൂടുമ്പോൾ വീടുകളിലും എല്ലാ മാസങ്ങളിൽ സ്ഥാപനങ്ങളിലും വേസ്റ്റ് കളക്ഷന് ഹരിത കർമ്മസേന സന്ദർശനം നടത്തി വരുന്നുണ്ട് .

3)മാലിന്യ വേർത്തിരിവ് പാലിക്കൽ

വീടുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം MCF ൽ എത്തിച്ച വേർതിരിക്കുന്നത്. ജനങ്ങൾ വീടുകളിൽ നിന്നും എല്ലാ തരം അജൈവ മാലിന്യങ്ങളും കൈമാറുന്ന വേഗം നിരയുന്ന സാഹചര്യമാണ് നിലവിലുള്ളത്.

4)റീസൈക്ലിഗ്

**വീട്ടുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യം MCFൽ എത്തിച്ച് സെ പ്രോസസ് ചെയ്യുന്നു. റീസൈക്ലിംഗ് പ്രോസസ് നടപ്പാക്കുന്നില്ല.**

5)കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

**പഞ്ചായത്തിലെ മാലിന്യശേഖരണ പരിപാലന പ്രവർത്തനങ്ങളിൽ ജനങ്ങളുടെ പൂർണ്ണ സഹകരണം ബോധവത്കരണം നടത്തി വരുന്നു. ബോധവത്കരണത്തിന്റെ ഭാഗമായി എല്ലാ കവലകളിലും സംഘടിപ്പിച്ചു.**

6)തൊഴിൽ സൃഷ്ടിക്കൽ

ഹരിത കർമ്മസേനയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് യൂസർ ഫീ, മാലിന്യങ്ങൾ വിൽക്കുമ്പോൾ ല എന്നിവക്ക് പുറമെ സ്റ്റീൽ പാത്രങ്ങൾ, സ്റ്റീൽ ഗ്ലാസ്സുകൾ എന്നിവ വാടകക്ക് നൽകുന്ന സംരംഭവും ആര

| **ആകെ വരവ്** | | **ആകെ ചെലവ്** | |
|---|---|---|---|
| ഗ്യാപ്പ് ഫണ്ട് | - | ഹരിത കർമ്മസേന ശമ്പളം | 1765000 |
| യൂസർഫീ | 1650,000 | പർച്ചേസ് | |
| സ്ക്രാപ്പ് വിൽപ്പന | 115,000 | മറ്റ് ചെലവ് | 78000 |
| ക്ലീൻ കേരള | - | | |
| മറ്റ് വരവ് | - | | |
| **അകെ** | **1765000** | | **2545000** |

7)അടിസ്ഥാന സൗകര്യ വികസനം

12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം അജൈവ പ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർ സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ 1000 സ്ക കുറയാതെ വിസ്തീർണ്ണമുള്ള എം.സി.എഫുകൾ നിർമ്മിക്കുകയോ വാടകക്ക് ഏർപ്പെടുത്തിയിരിക്കു എന്നാൽ ഗ്രാമപഞ്ചായത്തിന് മാലിന്യ ശേഖരണത്തിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ സ എം.സിഎഫ് നാളിതുവരെ സാധ്യമായിട്ടില്ല.മങ്കടയിൽ ഒരുവാടക കെട്ടിടത്തിലാണ് (വാർഡ്12) നിലവിൽ പ്രവർത്തിയ്ക്കുന്നത്. മിനി എം.സി.എഫുകൾ പഞ്ചായത്തിൽ പ്രവർത്തത്തിയ്ക്കുന്നില്ല.

8)പാരിസ്ഥിതിക ആഘാതം

9)പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്കും ജനപ്രതിനിധികൾക്കും പഞ്ചായത്ത് നേരിട്ടും ശുചിത്വമിഷനും പര നല്കിവരുന്നുണ്ട്.

10)നിയമങ്ങൾ പാലിക്കൽ

മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്ക നടപടികൾ സ്വീകരിച്ചു വരുന്നു. നിയമലംഘനം കണ്ടെത്തുന്നതിന് പരിശോധനകളും പിഴ നടപടികളും സ്വീകരിച്ചു വരുന്നു

11)ഹരിതകർമ്മസേനാഗങ്ങളുടെ പ്രവർത്തനം

**മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) റിസോഴ്സ് റിക്കവറിഫെസിലിറ്റി (RRF)**

1)അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1)MCF/RRF (സ്ഥിരം /താത്കാലികം) | 2 എണ്ണം, താത്കാലികം വാർഡ്-12 ഏലച്ചോല പ്രദേശം |
| 2)ബെയ് ലിങ് /ഷ്രഡിങ് യുണിറ്റുകൾ ഉണ്ടോ ? ഉണ്ടെങ്കിൽ അവ സ്ഥിതിചെയ്യുന്ന് സ്ഥല വിവരം | ഇല്ല |
| 3)MCF വാർഡ് തിരിച്ചുള്ള എണ്ണം | |
| 4)MCF പ്രയോജനപ്പെടുത്തുന്നുണ്ടോ ? | ഉണ്ട് |
| 5)MCFന് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ? (ടാപ്പിങ് ഏരിയ, സ്റ്റോറേജ് ഏരിയ, സോർട്ടിങ് ഏരിയ,മെഷിനറി ഏരിയ, ശുചിമുറി എന്നിവ | 1500 സ്ക്വയർ ഫീറ്റ് |
| 6)MCFന് റോഡ് ഗതാഗത സൗകര്യം ഉണ്ടോ ? | ഉണ്ട് |
| 7)MCF മായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ? | ഇല്ല |

2)മാലിന്യകൈമാറ്റ കാര്യക്ഷമത

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ കൈമാറുന്നതിലുള്ള സഹകരണം ഉ കൂടുതൽ ബോധവൽക്കരണ പരിപാടികൾ നടത്തി കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതുണ്ട്.

3)മാലിന്യ സംഭരണ ശേഷി

| | |
|---|---|
| 1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ് ജൈവം /അജൈവം | 500 KG അജൈവം |
| 2)ആകെ വിസ്തൃതി – 1500 സ്ക്വയർ ഫീറ്റ്<br>A)ടാപ്പിങ് ഏരിയ – 200 സ്ക്വയർ ഫീറ്റ് | MCF 1500 സ്ക്വയർ |

| | |
|---|---|
| B)സ്റ്റോറേജ് ഏരിയ – 700 സ്ക്വയർ ഫീറ്റ്<br>C)സോർട്ടിങ് ഏരിയ – 200 സ്ക്വയർ ഫീറ്റ്<br>D)മെഷിനറി എരിയ – 200 സ്ക്വയർ ഫീറ്റ്<br>E)കളക്ഷൻ ഏരിയ – 200 സ്ക്വയർ ഫീറ്റ് | ഫീറ്റ് |

4)മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

വാർഡുകളിൽ നിന്നും ഹരിതകർമ്മ സേനാംഗങ്ങൾ അജൈവമാലിന്യം ശേഖരിക്കുന്നു. അവ വ MCFൽ എത്തിച്ചശേഷം സെഗ്രിഗേറ്റ് ചെയ്ത് മൂല്യമുള്ള സാധനങ്ങൾ വില്ക്കുകയും റിജക്ടഡ് വേസ്റ്റ കൈമാറുകയും ചെയ്യുന്നു.

5)ശുചിത്വമാനദണ്ഡങ്ങൾ

ശുചിത്വമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട്.

6) യഥാസമയം മാലിന്യം ക്ലീൻ കേരളയ്ക്ക് കൈമാറുന്നത് സംബന്ധിച്ച്

റിജക്ടഡ് വേസ്റ്റ് MCFൽ നിന്നും കൊണ്ടു പോകുന്നതിന് കരാർ എടുത്തിട്ടുള്ളത് മലബാർ ഇക്കോ ‌ എന്ന സ്ഥാപനമാണ്. മാലിന്യം യഥാസമയം കൈമാറുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത വരുന്നു.7

## 1-12 കറന്റ് അക്കൗണ്ടിൽ ഭീമമായ തുക നിലനിർത്തുന്നു- വരുമാന നഷ്ടം

2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക RP-40(A), RP-40(B) എന്നിവ പ്രകാരം ഗ്രാമപഞ്ച പെയ്മെന്റിനു വേണ്ടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ നമ്പർ-67384551930) 01.04.23 ന് 68,48,308/- രൂപ മുൻബാക്കിയും 31.3.2024 ന് 10,100, നീക്കിയിരിപ്പും ഉണ്ട്. പാസ് ബുക്ക് ബാലൻസ് യഥാക്രമം 45,91,589.49/- രൂപ , 99,53,338 31.05.2024 ലെ ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 1,04,64,041.49/- രൂപ നീക്കിയിരിപ്പ് ഉണ്ട്.

പലിശ ഇല്ലാത്ത കറന്റ് അക്കൗണ്ടിൽ ഇത്തരത്തിൽ ഭീമമായ തുക നിലനിർത്തുന്നത് പലി ലഭ്യമാക്കേണ്ടിയിരുന്ന വരുമാന നഷ്ടത്തിന് കാരണമായിട്ടുണ്ട്. അപാകതക്ക് വിശദീകരണം നൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 13/09.07.24) അക്കൗണ്ടിലെ തുക പിൻവലിച്ച് ഫിക്സഡ് ഡെപ്പോ മാറ്റുന്നതിന് ഭരണസമിതി അനുമതി തേടിയെങ്കിലും തീരുമാനം ലഭ്യമായിട്ടില്ലായെന്നും അടുത്ത യോഗത്തിൽ വീണ്ടും തീരുമാനത്തിനായി സമർപ്പിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർനട ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി -അപാകതകൾ

1. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് ഓഡിറ്റ് എൻക്വയറി അടവാക്കി

പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവർത്തികൾക്ക് ടെണ്ടർ നേടി പഞ്ചായത്തുമായി കരാർ പത്ര ചുവടെ ചേർത്ത കരാറുകാരിൽ 2023-24 ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡ

ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (2/08.07.24) നൽകിയതിനെ കരാറുകാരുടെ തൊഴിൽ നികുതി അടവാക്കി രേഖകൾ പരിശോധനക്ക് ഹാജരാക്കി. വിശദാംശ ചേർക്കുന്നു.

| ക്രമ നം | കരാറുകാരൻ | അടവാക്കിയതിന്റെ വിശദാംശങ്ങൾ<br>തുക/രശീതി നമ്പർ/തിയതി |
|---|---|---|
| 1 | സുധീർ അലി .യു.കെ | 2500/1240700926/08.07.24 |
| 2 | മൻസൂർ ബാബു .ഇ | 2500/1240700930/09.07.24 |
| 3 | കൃഷ്ണകുമാർ | 2500/1240700937/10.07.24 |
| 4 | അബ്ദുൾ സാലാം .ടി.പി | 2500/1240700973/12.07.24 |
| 5 | അനിൽകുമാർ.എം | 2500/1240700978/12.07.24 |

| | | |
|---|---|---|
| 6 | സുരേഷ് കെ | 2500/1240700979/12.07.24 |
| 7 | അബ്ദുൾ റഷീദ് ടി പി | 2500/1240700979/12.07.24 |
| 8 | ഫൈസലുദ്ധീൻ | 2500/1240700979/12.07.24 |
| 9 | വാസു കെ | 2500/1240700979/12.07.24 |
| 10 | കുഞ്ഞിമുഹമ്മദ് .പി.കെ | 2500/1240700981/15.07.24 |

| | | |
|---|---|---|
| 11 | ഗംഗാധരൻ .കെ | നോട്ടീസ് നൽകിയിട്ടുണ്ട്. |
| | | |

നമ്പർ 11 പ്രകാരമുള്ള ആളുടെ തൊഴിൽ നികുതി അടവാക്കി വിവരം അറിയിക്കുന്നതാണെ ലഭ്യമാക്കി.വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. റേഷൻകടയിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ പ്ര റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. പഞ്ചായത്ത് പരി മുഴുവൻ റേഷൻ ഡീലേഴ്സിനും ഡിമാന്റ് നോട്ടീസ് നൽകി, തൊഴിൽ നികുതി ഈടാക്കിയത ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(2/08.07.24) തൊഴിൽ നികുതി ഈടാ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. തുടർവിവരം അറിയിക്കേണ്ടതാണ്.

## 1-14 100 ച.മീ താഴെയുള്ള താമസ കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 85/2023/LSGD Dtd 31.03.2023 നമ്പർ ഉത്തരവ് പ്രകാരം 2019 പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഈടാക്കു ഫീസ് നിരക്ക് 10.04.2023 പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പ മുതൽ 150 ച.മീറ്റർ വരെ വിസ്തീർണ്ണമുള്ള താമസക്കെട്ടിടങ്ങൾക്ക് 50 രൂപ/M2 എന്ന നിരക്കിലാ ഫീസ് ഈടാക്കേണ്ടത്.

ഗ്രാമപഞ്ചായത്തിലെ പെർമിറ്റ്/ക്രമവൽക്കരണ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 100 ച.മീറ്റർ താമസ കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസ്/ക്രമവൽക്കരണ ഫീസ് ഈടാക്കുന്നില്ലയെന്ന് ശ്രദ്ധയിൽപ്പെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നമ്പർ | വിസ്തീർണ്ണം |
|---|---|
| 4138/23/05.07.23 | 76.24 M2 |
| 4250/23/11.07.23 | 92.98 M2 |
| 4251/23/11.07.23 | 90.89 M2 |
| 4731/23/05.08.23 | 93.98 M2 |
| 6560/23/07.12.23 | 98.24 M2 |
| 368/23/25.01.24 | 98.56 M2 |

മേൽപ്രകാരം 100 M2 ൽ താഴെയുള്ള താമസ കെട്ടിടങ്ങൾക്ക് പെർമിറ്റ്ഫീസ്/ക്രമവൽക്ക ഈടാക്കാത്തതിന് കാരണം വിശദമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/17.0 ചേർക്കും പ്രകാരം മറുപടി ലഭ്യമാക്കി.

2019 ലെ കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 8(Xiii) പ്രകാരം കാറ്റഗറി 2 പഞ്ചാ

2 നിലകളിലായി പരിമിതപ്പെടുത്തിയതും ആകെ നിർമ്മിത വിസ്തീർണ്ണം 100 ച മീ വരെയായതും / വിനിയോഗത്തിൽ ഉള്ളതുമായ കെട്ടിടങ്ങളെ പെർമിറ്റിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതിനാലും 85/ സർക്കാർ ഉത്തരവിൽ ഖണ്ഡിക 3 ൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരു എന്ന് പറഞ്ഞെങ്കിലും അപ്രകാരം ഭേദഗതി വരുത്തിയിട്ടില്ലാത്തതിനാലുമാണ് നിലവിൽ 100 M2 ത താമസ കെട്ടിടങ്ങൾക്ക് പെർമിറ്റ്ഫീസ്/ക്രമവൽക്കരണ ഫീസ് ഈടാക്കാത്തത്. എന്നാൽ മേൽ ( 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥ നിലവിൽ ഈടാക്കുന്ന അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ് എന്നിവയുടെ നിരക്ക് 10-4-20 പ്രാബല്യത്തിൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ ഇ വ്യക്തത വരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ അവശേ

ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക കണക്കിലെ ഷെഡ്യൂൾ B-7 പ്രകാരം ചുവടെ ചേർത്ത ഡെ( അവശേഷിക്കുന്നുണ്ട്.

| ക്രമ നമ്പർ | ഇനം | തുക | കുറിപ്പ് |
|---|---|---|---|
| 1 | Contractor's Earnest Money Deposit | 6275 | - |
| 2 | Supplier's Earnest Money Deposit | 220166 | 2013 മുതലുള്ള തുക അവശേഷിക്കുന്നു. |
| 3 | Bidder's Earnest Money Deposit | 21500 | - |
| 4 | Supplier's Security Deposit | 36032 | 01.04.2017 ന് 13786 രൂപയും 2018-19 മുതൽ 23-24 വരെ 27282 രൂപയും മുന്നിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. |
| 5 | Bidder's Security Deposit | 80000 | 2017-18 മുതൽ 80000 രൂപ മുന്നിരിപ്പ് ഉണ്ട്. |
| 6 | Contractor's Retension | 36197 | 2017-18 മുതൽ 36197 രൂപ നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| 7 | Election Deposit | 75500 | രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല. |
| 8 | Auction Deposit | 38000 | 01.04.2017 ൽ 20000 രൂപ മുന്നിരിപ്പായി ചേർത്തിട്ടുണ്ട്. |
| 9 | Rent Deposit | 38958 | 2011 മുതലുള്ള തുക |
| 10 | Other Deposit | 2585 | രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല. |
| Total | | 555213 | |

കേരള ഫിനാൻസ് കോഡ് ആർട്ടിക്കിൾ 56 (ബി) പ്രകാരം Liability Periodന് ശേഷം മൂന്ന് വർ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതായിരുന്നു. മേൽപ്പറഞ്ഞവയിൽ കാ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ സ്വീകരിച്ച നടപടികളുടെ വി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/12.07.24) ഡെപ്പോസിറ്റ് തുക സംബ വിവരങ്ങൾ ലഭ്യമാകുന്ന മുറക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ ഭരണസമിതിക്ക് അം സമർപ്പിക്കുന്നതാണെന്നും ഇലക്ഷൻ ഡെപ്പോസിറ്റ് തുക റിട്ടേണിംഗ് ഓഫീസറിൻ നിന്നു ലഭ്യമാകാത്തതിനാലാണ് തിരികെ നൽകാത്തതെന്നും മറുപടി ലഭ്യമാക്കി. തുടർനടപ അറിയിക്കേണ്ടതാണ്.

## <u>1-16 സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ -തുടർനടപടി വിവരം അറിയിക്കേണ്ടതാണ്</u>

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷക അസിസ്റ്റന്റ് എഞ്ചിനിയർ ഫിറ്റ്നസ് നൽകിയ സ്കൂൾ ക്ലാസ്സ്മുറികളുടെ വിവരവും പഞ്ചായത്തിൽ നന കെട്ടിടങ്ങളുടെ വിവരവും പരിശോധിച്ചതിൽ സ്കൂളുകളുടെ ആകെ വിസ്തീർണ്ണത്തിൽ വലിയ വ്യത്യാസ ഇതിൽ നിന്ന് അനധികൃത കെട്ടിട നിർമ്മാണം നടന്നിട്ടുണ്ട് എന്ന് വ്യക്തമാണ്. പഞ്ചായത്ത ലഭ്യമാക്കിയ PTM സ്കൂളിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്കൂൾ | പഞ്ചായത്ത് നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം. (സഞ്ചയയിൽ നിന്ന് ലഭ്യമാക്കിയത്) | ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ അവകാശപ്പെട്ട ക്ലാസ്സ് മുറികളുടെ വിസ്തീർണ്ണം |
|---|---|---|
| PTM HSS വെള്ളില | 3/231-250 ച മീ | 28.60x8.55=244.53x3(GF,FF,SF)=733.59 M2<br>34.90x8.55=298.395x2(GF,FF)=596.79 M2 |
| | **ആകെ=250 M** | **ആകെ - 1330.38 M2** |

[കുറിപ്പ് . ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് നൽകുന്ന അപേക്ഷയിൽ ക്ലാസ്സ് മുറികളുടെ വിവരം രേഖപ്പെടുത്തുന്നത് എന്നതിനാൽ യഥാർത്ഥത്തിലുള്ള കെട്ടിട വിസ്തീർണ്ണം മുകളിലെ പരാമർശിച്ചതിലും വളരെയധികം വർദ്ധിക്കാം. ]

പഞ്ചായത്തിലെ മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും കെട്ടിടങ്ങൾ പരിശോധിച്ച് നിർമ്മിതികൾ കണ്ടെത്തി നിയമപ്രകാരം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരി ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/15.07 ലഭ്യമാക്കിയിട്ടില്ല. സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ അധികൃതമാക്കുന്നതിന് നടപടികൾ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-17 വസ്തു നികുതി നിർണ്ണയം- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടാതണ്

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 3(3) കെട്ടിടത്തോട് അനുബന്ധിച്ച് സ്വിമ്മിംഗ്പൂൾ ഉണ്ടെങ്കിൽ അതിന്റെ വിസ്തീർണം കെട്ടിട വിസ്തീർണ്ണത്തോട് ഉൾപ്പെടുത്തി വസ്തു നികുതി ചുമത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ 11ാം വാർഡിൽ അൻവർ പി ടി, പള്ളിയാൽത്തൊടി ഹൗസ് എന്നവർക്ക് നമ്പർ നൽകിയ താമസ കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഫയൽ നമ്പർ | 3311/23 Dtd 22.05.23 |
| സർവ്വേ നമ്പർ | 29/2-2,32/3A-9, 29/1-2,<br>29/3-3, 3-4, 32/5-3 |
| വിസ്തീർണ്ണം | 2139.63 M2 |
| കെട്ടിട നമ്പർ | 11/465/D |

ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം ഒന്നാം നിലയിൽ ഒരു സ്വി ഉള്ളതായി (500c.M.X1020c.M.) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിസ്തീർണ്ണം നിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് വ്യക്തമായി. സ്വിമ്മിംഗ് പൂളിന്റെ വിസ്തീർണ്ണത്തിന് നി വസ്തു നികുതി ചുമത്താത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എ (37/17.07.24) സഞ്ചയയിൽ ആയതിന്റെ നികുതി പുനർനിർണ്ണയിച്ച് ഡിജിറ്റൽ സൈൻ ചെയ്തിട്ടുണ്ടെ ലഭ്യമാക്കി.

മേൽ കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിൽ ഒരു വാണി സ്ഥിതി ചെയ്യുന്നുണ്ട്. ആയതിന്റെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

Ground Floor -533.39 Sq M

First Floor -669.34 Sq M

Seccond Floor -669.34 Sq M
Third Floor -290 .00sq M

TotaL -2162.07 Sq M

ഫയൽ നോട്ട് പരിശോധിച്ചതിൽ വാണിജ്യകെട്ടിടത്തിലെ 2 നിലകൾക്ക് പഞ്ചായത്ത് നില അനുവദിച്ചിട്ടുള്ളതായും മുകൾനിലയിലെ അധിക നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് 5159/2023 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ടി അപേക്ഷയിൽ അപാകത ഉള്ളതായും രേഖപ്പെടുത്തിയിട്ടു

മേൽ വാണിജ്യകെട്ടിടത്തിലെ അധിക നിർമ്മാണത്തിന് പഞ്ചായത്ത് സ്വീകരിച്ച തുടർനടപ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (37/17.07.24) അപേക്ഷ പരിശോധനയി ചെയ്തിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിന് കക്ഷിക്ക് നോട്ടീസ് നൽകിയെങ്കിലും ആയത്

പരിഹരിച്ചിട്ടില്ലാത്തതിനാൽ അടിയന്തിരമായി വീണ്ടും നോട്ടീസ് നൽകി തുട
സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ഫയലിൽ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-18 CHC : മരുന്ന് ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ-സി.എച്ച്.സി നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതി പ്രക ലഭ്യമാക്കുന്നതിന് KMSCLന് മുൻകൂറായി പണം അനുവദിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് | അതിദരിദ്രർക്ക് മരുന്ന് വാങ്ങൽ 96/24 |
| അടങ്കൽ | 50000/- പൊതുവിഭാഗം സാധാരണ വിഹിതം |
| ചെലവ് | 50000/- |
| ബിൽ നമ്പർ | 23151152025701471575/24.03.24 |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | PRF3812/06.02.24 |

മരുന്ന് ലഭ്യമാകാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/10.07.24) മരുന്ന് ലഭ്യ കെ എം സി എലുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെ ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാ

## 1-19 മഴക്കാല പൂർവ്വ ശുചീകരണം- തുക ചെലവഴിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 10,000/- രൂപ വീതം 18 വാർഡുകൾക്ക് നൽക വൗച്ചർ നം.22300136/08.08.23.23 പ്രകാരം 1,80,000/- രൂപ മെഡിക്കൽ ഓഫീസർ (CHC) ക്ക് ന ഓരോ വാർഡുകളിലെയും ബന്ധപ്പെട്ട ബാങ്ക് പാസ്ബുക്കുകൾ പരിശോധിച്ചതിൽ 01.04.202 ചെലവഴിക്കാതെ അവശേഷിക്കുന്നതായി വ്യക്തമായി. (24.06.24 ന് വീണ്ടും തുക അനുവദി പാസ്ബുക്കിൽ നിന്നും വ്യക്തമാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. (08.08.23 ന് N നിന്നും ഓരോ വാർഡിനും 10000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.)

| വാർഡ് നം | പാസ് ബുക്ക് പ്രകാരമുള്ള ബാലൻസ് തുക (31.032024) |
|---|---|
| 1 | 26919/- |
| 2 | 44984/- |
| 3 | 31235/- |

| | |
|---|---|
| 4 | 19840/- |
| 16 | 27763/- |
| 17 | 36716/- |

ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന തുകയുടെ ചെലവ് വിവരം പരിശോധിക്കുന്നതിന് പ്രത്യേ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക പരിശോധിക്കാൻ സാധിച്ചിട്ടില്ല. മുൻകൂർ കൈപ്പറ്റിയ ത സമയത്തിനകം ചെലവഴിച്ചില്ല എങ്കിൽ പലിശ സഹിതം തിരികെ ഈടാക്കാൻ സർക്കാർ നിർദ്ദേശം അനുവദിച്ച തുക ചെലവഴിക്കാതെ 24-25 വർഷം വീണ്ടും തുക അനുവദിച്ചതിന് വ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/12.07.24) മറുപടി ലഭ്യമാക്കിയിട്ടില്ല. കമ്മറ്റികൾ പഞ്ചായത്ത്, ശുചിത്വമിഷൻ എന്നിവിടങ്ങളിൽ നിന്ന് ലഭ്യമാവുന്ന തുക സമയ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂൾ പ്രവർത്തിക്കുന്നു

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.12.16 ലെ 792455/ഇ.ഡബ്ല്യു 3/2016/ത.സ്വ.ഭ.വ നമ്പർ സർക്ക പ്രി പ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/ എയ്ഡഡ്/ നോൺ എയ്ഡഡ് സ്കൂളുകളും ആരംഭിക്കുന്നതിന് മുമ്പായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും കൈവരിക്കേണ്ടതാണ് എന്ന സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ / സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേ ഭരണസ്ഥാപനത്തിന്റെ മേധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ **മങ്കട അൽ അമ സെക്കണ്ടറി സ്കൂളിലെ** ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടെന്ന് വ്യക്ത അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ 2023-24 വർഷത്തേക്ക് ഫിറ്റ്നസ് നൽകിയ സ്കൂളുക പരിശോധിച്ചതിൽ ഈ സ്കൂളിന് ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്രസ്തുത സ്ഥാപനം ഗ്രാമപഞ്ചായത്തിൽ നിന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങളും ഫിറ്റ്നസ് ഇല്ലാതെ വിദ്യഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ ഗ്രാമപഞ്ചാത്ത് സ്വീകരിച്ച നടപടികളും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ സ്ഥാപനം പഞ്ചായത്തിൽ നിന്ന് ഫിറ്റ്നെസ് നേടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങ ലഭ്യമാക്കേണ്ടാതണ്.

## 1-21 കോക്ലിയാർ ഇംപ്ലാന്റേഷന് ശേഷമുള്ള തുക നൽകൽ"-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2023-24 സാമ്പത്തിക വർഷത്തിൽ ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ "കോക്ലിയാർ ഇ ശേഷമുള്ള തുക നൽകൽ" എന്ന പദ്ധതി (Project No: 110/2023-24) പ്രകാരം State Health Agency നമ്പർ 1581373 21.11.2023 പ്രകാരം 50,000 രൂപ കൈമാറിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജര വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കാനാവശ്യ സൂപ്പർവൈസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/11.7.2024) നൽകിയ മറുപടിയിൽ

സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് അറിയിച്ചു. വിനിയോഗ  ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 സ്പോട്സ് കിറ്റ് വിതരണം- ക്ലബ്ബുകളുടെ 23-24 ലെ രജിസ്ട്രേഷൻ രേഖകൾ ഹാജ

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ "യുവജന ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം" എ 41/2023-24) പ്രകാരം ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നതിന് തനതു ഫണ്ടിൽ നമ്പർ: 275/3.01.2024 പ്രകാരം 250380 രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയലിനോടൊപ്പം ലഭ്യമാക്കിയത വർഷങ്ങൾക്ക് മുമ്പുള്ള രജിസ്ട്രേഷൻ രേഖകളാണ്. ക്ലബ്ബുകളുടെ പുതുക്കിയ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് ഹെഡ്മാസ്റ്റർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/11.7.2024) നൽകിയ ക്ലബ്ബുകൾ രജിസ്ട്രേഷൻ പുതുക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ട് എന്നും, പുതുക്കിയ രജിസ്ട്രേഷ ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചു. ക്ലബ്ബുകളുടെ 2023-24 ലെ പുതുക്കിയ രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 250380 രൂപ തടസ്സം ചെയ്യുന്നു. രേഖകം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ലൈഫ് മിഷൻ ഭവന നിർമ്മാണം- പൂർത്തീകരണ പുരോഗതി വിവരം അറിയിക്കേണ്ടതാണ്.

2023-24 വർഷത്തിൽ വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ "ലൈഫ് മിഷൻ ഭവന നിർമ്മാ എന്ന പദ്ധതിയുടെ ഭാഗമായി അഡ്വാൻസ് തുക മാത്രം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക നിർമ്മാണത്തിൽ നാളിതുവരെ യാതൊരു പുരോഗതിയും ഇല്ല എന്നാണ് രജിസ്റ്റർ പരിശോധിച്ച ഓഡിറ്റിന് ബോധ്യപ്പെട്ടത്. വിശദ വിവരം ചുവടെ:

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | ബിൽ നം/തിയ്യതി |
|---|---|---|---|
| 1 | പാത്തുമ്മ (സുഹറ), കുന്നമ്മൽ | 40,000 | 23151152026000331668, 19.07.2023 |
| 2 | സുലൈഖ അഷ്റഫ്, പണിക്ക വീട്ടിൽ | 40,000 | 23151152026000331668, 19.07.2023 |
| 3 | അബ്ദുൾ ഹമീദ്, ഊരക്കോട്ടിൽ | 40,000 | 23151152026000331668, 19.07.2023 |

പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ പുരോഗ ഓഡിറ്റിനെ അറിയിക്കാനും ആവശ്യപ്പെട്ട് വി.ഇ.ഒ ക്ക് നൽകിയ 31/15.07.2024 നമ്പർ ഓഡിറ്റ് എ നൽകിയ മറുപടിയിൽ, ശ്രീമതി.പാത്തുമ്മ (സുഹറ), കുന്നമ്മൽ എന്നവർ അസുഖം കാരണമാണ് വൈകിയത് എന്നും മറ്റു രണ്ട് ഗുണഭോക്താക്കളുടെ വീട്ടു പണി നടക്കുന്നുണ്ട് എന്നും അറിയിച്ചു. കരാ വർഷം കഴിഞ്ഞിട്ടും അഡ്വാൻസ് തുക മാത്രം കൈപ്പറ്റിയ പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ തുടർ പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 പബ്ലിക്ക് ടോയ്‌ലെറ്റ് ടേക്ക് ഏ ബ്രേക്ക് റെസ്റ്റ് ഹൗസ് - അപാകതകൾ പരിഹരിക്കേണ്ടതാണ്.

വിശ്രമ കേന്ദ്രത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിന്റെ വിശദാംശ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ/ പേര് | 224/24<br>പബ്ലിക്ക് ടോയ്‌ലെറ്റ് ടേക്ക് ഏ ബ്രേക്ക് റെസ്റ്റ് ഹൗസ് |
| അടങ്കൽ | 10,28,845 - ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 8,32,510<br>ബിൽ നമ്പർ-258/8.12.23 (ACR പ്രകാരം )<br>വൗച്ചർ നമ്പർ. 56/23-24 തീയതി, 18-12-23 |
| ടി എസ് | LSGD/TS/2021-22 63139 Dt. 30.10.21 |
| കരാറുകാരൻ | മൻസൂർ ബാബു |
| കരാർ നമ്പർ. | AE/LSGD/MKD/60/21-23 Dt. 16-11-21 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

മങ്കട ഗ്രാമ പഞ്ചായത്തിലെ പത്താം വാർഡിൽ പബ്ലിക്ക് ടോയ്‌ലറ്റ് ടേക്ക് ഏ ബ്രേക്ക് വ 26.9.23 ന് പ്രവൃത്തി പൂർത്തിയാക്കുകയും തുറന്ന കൊടുക്കുകയും ചെയ്തിട്ടുണ്ട്. 832510 രൂപ ചെലവഴി കെട്ടിടത്തിൽ ഇപ്പോൾ കുടുംബശ്രീ കാന്റീൻ കൂടി പ്രവർത്തിച്ചു വരുന്നുണ്ട്.
